(സി) പെരിന്തൽമണ്ണ സബ് ഡിപ്പോയിൽനിന്ന് 23 ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്.

(ഡി) വണ്ടികളുടെ ലഭ്യതയനുസരിച്ച് കൂടുതൽ ഷെഡ്യൂളുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ നടന്ന പ്രസവം

591 [850] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1977–78, 1978–79 വർഷങ്ങളിൽ ട്രാൻസ്പോർട്ട് ബസ്സുകളിൽ എത്ര പ്രസവം നടന്നിട്ടുണ്ട്?

ഉത്തരം

വിവരം ശേഖരിച്ചിട്ടില്ല.

തേർഡ് പാർട്ടി ഇൻഷ്വറൻസ് ആനുകൂല്യം

592 [851] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ അത്താണി എന്ന സ്ഥലത്തുണ്ടായ ബസ്സപകടത്തിൽ എത്ര പേർ മരിച്ചു;

(ബി) മരിച്ചവരുടെ കുടുംബക്കാർക്ക് ഗവൺമെൻറിൽനിന്ന് എന്തെല്ലാം സഹായങ്ങൾ ചെയ്തു കൊടുത്തു;

(സി) അത്താണി ബസ്സപകടത്തിൽ ഓടിച്ചിരുന്ന ബസ്സിന്റെ ഇൻഷ്വറൻസ് പുതുക്കിയിരുന്നില്ലെന്നുള്ള കാര്യം ശരിയാണോ;

(ഡി) അതുകൊണ്ട് തേർഡ് പാർട്ടി ഇൻഷ്വറൻസ് ആനുകൂല്യം നഷ്ടപ്പെടുമോ;

(ഇ) ഇക്കാര്യം ശരിയായിരുന്നു എങ്കിൽ ഇൻഷ്വറൻസ് പുതുക്കാതെ ബസ്സ് ഓടിക്കുവാൻ അനുവദിച്ച ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ എടുത്തുവോ;

(എഫ്) ഇൻഷ്വറൻസ് സമയത്ത് അടയ്ക്കാതെ ബസ്സുകൾ ഓടിക്കുന്നത് സമയത്ത് തടയാൻ എന്തെങ്കിലും നടപടികൾ എടുക്കുമോ?

ഉത്തരം

(എ) അത്താണി ബസ്സപകടത്തിൽ 16 പേർ മരിച്ചു.

(ബി) മരിച്ചവരുടെ അവകാശികൾക്ക് ഗവൺമെൻറും റെയിൽവേ അധികൃതരും 1000 രൂപ വീതം സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(സി) ശരിയല്ല. ബസ്സിന്റെ ഇൻഷ്വറൻസ് 16–4–1979 വരെ പുതുക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly